# ഹാജി സാഹിബിനെ ഓർക്കുമ്പോൾ

**കെ.കെ. അലി**

കേരളത്തിന്റെ മണ്ണിൽ ജമാഅത്തെ ഇസ്‌ലാമിയെ നട്ടുവളർത്താൻ മൗലാനാ മൗദൂദിയാൽ നിയുക്തനായത് എടയൂരിലെ വി. പി. മുഹമ്മദലി സാഹിബ് ആയിരുന്നു. പണ്ഡിതനും പ്രസംഗകനും എഴുത്തുകാരനും ത്യാഗശീലനുമായിരുന്ന ആ ധീര മുജാഹിദ് പ്രതികൂല പരിതഃസംഥിതികളോട് പടപൊരുതിക്കൊണ്ട്, കേരളത്തിലങ്ങോളമിങ്ങോളം സഞ്ചരിച്ചു; ജമാഅത്ത് സന്ദേശം പ്രചരിപ്പിച്ചു.

**കുടുംബം**

മലപ്പുറം ജില്ലയിലെ വളാഞ്ചേരിക്കടുത്ത എടയൂരിലെ ഭേദപ്പെട്ട കുടുംബങ്ങളിലൊന്നാണ് 'വലിയപറമ്പിൽ' തറവാട്. ഈ തറവാട്ടിലെ കാരണവരായിരുന്ന പോക്കാമുട്ടി ഹാജിയാണ് മുഹമ്മദലി സാഹിബിന്റെ പിതാവ്. ഖിലാഫത്ത് പ്രക്ഷോഭത്തിൽ പങ്കെടുത്തതുമൂലം പോക്കാമുട്ടിഹാജിക്ക് രണ്ട് വർഷം ജയിൽവാസമനുഭവിക്കേണ്ടി വന്നു. നാട്ടിലെ പൗരപ്രമുഖരും മതകാര്യങ്ങളിൽ സാമാന്യജ്ഞാനമുള്ള ഒരാളുമായിരുന്നു അദ്ദേഹം. ചങ്ങമ്പള്ളി കുഞ്ഞാലൻകുട്ടി കുരിക്കളുടെ മകൾ ഫാത്തിമയായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. ഈ ദമ്പതികൾക്കു നാലു ആൺമക്കളും മൂന്നു പെൺമക്കളുമാണ് ഉണ്ടായിരുന്നത്. ഇവരിൽ മുഹമ്മദലി സാഹിബും ഒരു സഹോദരിയും ഒഴിച്ച് ബാക്കി അഞ്ചു പേർ ജീവിച്ചിരിപ്പുണ്ട്. ജേഷ്ഠസഹോദന്മാരായ കുഞ്ഞിപ്പോക്കർ ഹാജിയും മുഹമ്മദ് സാഹിബും എടയൂരിൽ തന്നെയാണ് താമസം. ഇളയ സഹോദരൻ അബ്ദുല്ലക്കുട്ടി കുടുംബസമേതം പാക്കിസ്ഥാനിൽ വസിക്കുന്നു. ജീവിച്ചിരിക്കുന്ന സഹോദരിമാരിൽ ഒരാളായ തിത്തിമ എന്നവർക്ക് രണ്ട് പുത്രിമാരുണ്ട്. അവരിൽ നഫീസ എന്ന മകളെ കേരള ജമാഅത്തെ ഇസ്‌ലാമി അസി. അമീർ ജ: കെ.എം. അബ്ദുൽ അഹദ് സാഹിബും റുഖിയ്യ എന്ന മകളെ ജ: മുഹമ്മദ് അബ്ദുൽ ജലാൽ മൗലവയുമാണ് വിവാഹം ചെയ്തിരിക്കുന്നത്. വളാഞ്ചേരിക്കടുത്ത തൊഴുവാനൂരിലെ പി.വി. കുഞ്ഞഹമ്മദ് ഹാജിയുടെ മകൾ ഉമ്മായിശുവായിരുന്നു മുഹമ്മദലി സാഹിബിന്റെ പത്നി. അദ്ദേഹത്തിനു 35 വയസ്സുള്ളപ്പോഴായിരുന്നു വിവാഹം.

**വിദ്യാഭ്യാസം**

നാട്ടിലെ പ്രാഥമിക വിദ്യാലയത്തിൽനിന്നു നാലാം ക്ലാസ് വരെയാണ് മുഹമ്മദലിസാഹിബ് വിദ്യാഭ്യാസം നേടിയത്. എങ്കിലും ആധുനിക സാമൂഹ്യശാസ്ത്രങ്ങളുടെ മർമ്മം കണ്ടെത്തിയിരുന്നു അദ്ദേഹം. സാമ്പത്തികവും രാഷ്ട്രീയവും തത്വശാസ്ത്രപരവുമായ പ്രശ്നങ്ങളിൽ പ്രത്യേക കാഴ്ചപ്പാടുണ്ടായിരുന്നു. അതിഗഹനമായ വിഷയങ്ങളെക്കുറിച്ചു ശുദ്ധവും സ്ഫുടവുമായ ഭാഷയിൽ നന്നായി പ്രസംഗിക്കാനും എഴുതാനും അദ്ദേഹത്തിന്ന് കഴിഞ്ഞിരുന്നു. അസാമാന്യമായ ബുദ്ധികൂർമ്മതയും അനിതരസാധാരണമായ വിജ്ഞാന തൃഷ്ണയും വിശ്രമമില്ലാത്ത കഠിനാധ്വാനവുമാണ് അദ്ദേഹത്തെ ഇതിനു പ്രാപ്തനാക്കിയത്.

മാതാപിതാക്കൾ അദ്ദേഹത്തിന്ന് നൽകിയ പേര് കുഞ്ഞാലൻകുട്ടി എന്നായിരുന്നു. മകന്ന് മതവിദ്യാഭ്യാസം നൽകുന്നതിൽ പിതാവ് പോക്കാമുട്ടിഹാജി കാര്യമായി ശ്രദ്ധിച്ചു. നാട്ടിൽനിന്ന് സാമാന്യ മതപരിജ്ഞാനം നേടിയ മകനെ ഉപരിപഠനത്തിന്നായി എടക്കുളത്തെ പള്ളി ദർസിലേക്കയച്ചു. കുറച്ചു കാലത്തിന്ന് ശേഷം കുഞ്ഞാലൻകുട്ടി മണ്ണാർക്കാട്ടേക്കും തുടർന്നു ആലത്തൂരിലേക്കും സ്ഥലംമാറി.

**മഞ്ചേരിയൽ**

അക്കാലത്ത് മഞ്ചേരിയിലെ പള്ളി ദർസ് സാമാന്യം ഭേദപ്പെട്ട നിലക്കുള്ളതായിരുന്നു. കുഞ്ഞാലൻകുട്ടി പിന്നീട് പഠനം ആലത്തൂരിൽനിന്ന് മഞ്ചേരിയിലേക്കു മാറ്റി. ഇത് 1930-ൽ ആണെന്ന് തോന്നുന്നു. അദ്ദേഹത്തിന്ന് പതിനേഴ് വയസ്സ് പ്രായമാണ്. മഞ്ചേരിയിൽ അദ്ദേഹം കുഞ്ഞാലൻ മുസ്‌ലിയാർ എന്ന പേരിലാണറിയപ്പെട്ടിരുന്നത്. അക്കാലത്ത് മഞ്ചേരയിലെ മുദർരിസ് അരീക്കോട് സ്വദേശി മരക്കാരുട്ടി മുസ്‌ലിയാരായിരുന്നു. തികഞ്ഞ ഭക്തനായിരുന്ന അദ്ദേഹം, മുസ്‌ലിംകൾക്ക് ദീനീ വിദ്യാഭ്യാസത്തോടോപ്പം ലൗകിക വിദ്യാഭ്യാസവും വേണമെന്ന അഭിപ്രായക്കാരനായിരുന്നു.

കുഞ്ഞാലൻ മുസ്‌ലിയാർ മറ്റു വിദ്യാർഥികളിൽനിന്നും വ്യത്യസ്തനായി നാട്ടുകാരുമായും നാട്ടുകാര്യങ്ങളുമായും കൂടുതൽ ബന്ധപ്പെട്ടിരുന്നു. ദർസിൽ ധാരാളം വിദ്യാർഥികൾ ഉണ്ടായിരുന്നെങ്കിലും, പള്ളി പരിസരത്ത് ഇവരുടെയും മറ്റും ആവശ്യാർഥം ഒരു കക്കൂസ് ഉണ്ടായിരുന്നില്ല. വിദ്യാർഥികളുടെ പ്രയാസം കണ്ടറിഞ്ഞ കുഞ്ഞാലൻ മുസ്‌ലിയാർ മുന്നിട്ടിറങ്ങി മറ്റുള്ളവരുടെ സഹകരണത്തോടെ മൂന്ന് മുറികളുള്ള ഒരു കക്കൂസ് നിർമിച്ചു. വിദ്യാർഥിയായിരിക്കുന്ന കാലത്തേ പൊതു കാര്യങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന ശ്രദ്ധയും താൽപര്യവും വ്യക്തമാക്കുന്ന ഒരു സംഭവമാണിത്.

**തന്ത്രജ്ഞൻ**

നാട്ടിലെ പ്രധാന കുടുംബത്തിലെ ഒരു വ്യക്തിയും ഈ കുറിപ്പുകാരനും തമ്മിൽ സംഗതിവശാൽ പിണക്കത്തിലായി. ഇത് ഒരു സംഘർഷത്തിന്റെ വക്കോളമെത്തി. ഞങ്ങൾ ഇരുവരുടെയും സുഹൃത്തുക്കളായിരുന്ന കഥാപുരുഷൻ ഇതറിഞ്ഞു. ഏതെങ്കിലും നിലക്ക് വഴക്ക് തീർക്കണമെന്ന് നിശ്ചയിച്ചു. ഞാൻ എഴുതിയതെന്ന് തോന്നിക്കുന്ന, എന്റെ പേര് വെച്ച ഒരെഴുത്ത് അദ്ദേഹം എഴുതിയുണ്ടാക്കി മറുകക്ഷിക്ക് കൊടുത്തു. കത്ത് വായിച്ചതോടെ ആ മാന്യന്റെ മനസ്സിന് മാറ്റം വന്നു. "എന്റെ പക്കൽ വന്ന തെറ്റ് താങ്കളും ക്ഷമിക്കുക. മേലിൽ നമുക്ക് കൂടുതൽ സൗഹാർദമായി കഴിഞ്ഞുകൂടാം. അല്ലാഹു നമുക്കിരുവർക്കും പൊറുത്തു തരട്ടെ എന്ന് നാം പ്രാർഥിക്കുക" എന്നുള്ള ഒരു മറുപടി മുഹമ്മദലി സാഹിബ് മുഖേന എനിക്ക് കൊടുത്തയച്ചു. നാളുകൾ ഏറെചെന്ന ശേഷമാണ് തന്റെ ഈ തന്ത്രത്തെപ്പറ്റി മുഹമ്മദലി സാഹിബ് എന്നോട് പറഞ്ഞത്.

**ഹജ്ജ് യാത്ര**

ഇമാംഗസ്സാലിയുടെ ഇഹ്‌യാ ഉലൂമുദ്ദീൻ മുഹമ്മദലി സാഹിബിനെ വളരെയധികം ആകർഷിച്ചിരുന്നു. ഒഴുവു സമയമെല്ലാം അതിന്റെ പാരായണത്തിന്നായി

വിനിയോഗിച്ചു. ഇഹ്‌യായുമായുള്ള ഈ ഹൃദയബന്ധമായിരിക്കുമോ ആ യുവാവിൽ ഹജ്ജിനു പോകാനുള്ള അദമ്യമായ ആശ അങ്കുരിച്ചത്? നാട്ടിൽ പോയി മാതാപിതാക്കളെയും മറ്റും കണ്ട് മഞ്ചേരിയിലേക്ക് തിരിച്ചുവന്ന ആ സാഹസികൻ, എല്ലാം അല്ലാഹുവിൽ ഭരമേൽപിച്ചുകൊണ്ട് ബോംബേയിലേക്കാണ് നടകൊണ്ടത്. കൈയിലുണ്ടായിരുന്ന നാണയത്തുട്ടുകൾ തീർന്നപ്പോൾ തരപ്പെടുന്ന കൂലിവേലകൾ ചെയ്തുകൊണ്ട് നടന്നും ഇടക്ക് വണ്ടി കയറിയും ഒരു വിധം ബോംബെയിൽ എത്തിച്ചേർന്നു. പോകുമ്പോൾ ഇഹ്‌യാ ഉലൂമുദ്ദീനും കൂടെ എടുത്തിരുന്നു. ഇതു ബോംബെയിലെ ഒരു പള്ളിയിലെ 'പേശ് ഇമാമി'നെ ഏൽപിച്ചാണ് മക്കയിലേക്ക് യാത്രയായത്.

ബോംബെയിലുള്ള യാത്രയിൽ എടവണ്ണ ഭാഗത്ത് സ്കൂൾജോലി ചെയ്തിരുന്ന വടക്കേ മലബാറുകാരൻ അബ്ദുൽകരീം എന്നൊരാൾ അദ്ദേഹത്തിനു കൂട്ടായുണ്ടായിരുന്നു. ഏതാനും നാളുകൾ പിന്നിട്ടപ്പോൾ അബ്ദുൽകരീമിൽ ഒരു പുതിയ പ്രവണത ഉദയം ചെയ്തതായി കണ്ടു. ഔലിയ ചമഞ്ഞു ആളുകളിൽനിന്ന് പണംതട്ടുക. ഈ ഹീനവൃത്തിയെ മുഹമ്മദലി സാഹിബ് അങ്ങേയറ്റം എതിർത്തു. അവസാനം രണ്ടുപേർക്കും കൂട്ടുപിരിയേണ്ടിവന്നു.

ബോംബെയിൽനിന്ന് "ബഗല"ന്ന പേരിൽ അറിയപ്പെടുന്ന ഒരു തരംപായക്കപ്പലിൽ കയറിയ യാത്രതിരിച്ച അദ്ദേഹം യാത്രതിരിച്ച അദ്ദേഹം 'ശഹറമുഖല്ല'യിൽ ചെന്നിറങ്ങി. അവിടെവെച്ച് അദ്ദേഹത്തിന് പാലക്കാട്ടുകാരനായ ഒരു പുതിയ സുഹൃത്തിനെ കിട്ടി. അവർ ചുട്ടുപഴുത്ത മണലാരണ്യത്തിലൂടെ മക്കയെ ലക്ഷ്യംവെച്ചു നടന്നു. ആഹാര ദൗർലഭ്യതയും, സൂര്യന്റെ അത്യുഷ്ണവും, മരുഭൂമിയിലെ തീക്കാറ്റും അവരെ ഒട്ടേറെ അവശരാക്കി. രോഗബാധിതനായ കൂട്ടുകാരൻ മാർഗമധ്യേ മരണമടഞ്ഞു.

കഅ്ബ കാണാനുള്ള ഉൽക്കടമായ ആഗ്രഹം മുഹമ്മദലി സാഹിബിനെ മുന്നോട്ടു നയിച്ചു. ചുട്ടുപഴുത്ത മണലിലൂടെ നെടുനീളെ നടന്നു. നടന്നു നടന്നു ക്ഷീണിച്ചു; ക്ഷീണിച്ചു തളർന്നുവീണു. ദാഹം കഠിനമായി. മരണം മുമ്പിൽ വന്നു നിന്നു. മണലിൽ മലർന്നുകിടന്നു. ശഹാദത്തുകലിമ ചൊല്ലി. ക്ഷീണം തെല്ലു മാറിയപ്പോൾ വീണ്ടും എഴുന്നേറ്റു നടന്നു. ഇങ്ങനെ മൂന്നുമാസം മരുഭൂമിയുമായി പോരടിച്ചശേഷം മക്കയിലെത്തിച്ചേർന്നു.

ഹജ്ജനു ശേഷം ഏതാനും മാസക്കാലം ചില്ലറ കച്ചവടങ്ങളിൽ ഏർപെട്ടുകൊണ്ട് മക്കയിൽ തന്നെ കഴിച്ചുകൂട്ടി. ഒഴിവുസമയങ്ങളിൽ ഹറമിൽപോയി ഗ്രന്ഥപാരായണം നടത്തിക്കൊണ്ടിരിക്കും. പിന്നീട് മദീനയിലേക്ക് പോയി. ഈ യാത്രയിലും ഒട്ടേറെ വിഷമതകളനുഭവപ്പെട്ടിരുന്നു. കുറച്ചുമാസം മദീനയിലേക്ക് തിരിച്ചുവരികയും ഒരു ഹജ്ജുകൂടി നിർവഹിച്ച ശേഷം നാട്ടിലേക്ക് പുറപ്പെടുകയും ചെയ്തു.

**ഉമറാബാദിലെ ദാറുസ്സലാമിലേക്ക്**

നാട്ടിൽനിന്നു വീണ്ടും മഞ്ചേരിയിൽ തിരിച്ചെത്തിയ മുഹമ്മദലി സാഹിബിന്റെ വിജ്ഞാനദാഹം ഉന്നതപഠനകേന്ദ്രത്തിലേക്ക് പോകാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. അങ്ങനെ ആർക്കാട്ടിലെ ജാമിഅഃ ദാറുസ്സലാമിലേക്ക് (ഉമറാബാദ്) പോകാൻ തീർച്ചയാക്കി. അതേവരെ പുരോഗമന പ്രസ്ഥാനങ്ങളോടും അവയുടെ പ്രവർത്തനങ്ങളോടും വിരോധം വെച്ചുപുലർത്തിയിരുന്ന അദ്ദേഹത്തോട് ഈയുള്ളവൻ പറഞ്ഞു: "ഉമറാബാദിലെ പഠനം താങ്കളിൽ വലിയ പരിവർത്തനമുണ്ടാക്കുമെന്നാണ് എന്റെ അഭിപ്രായം. അവിടെച്ചെന്നാൽ താങ്കളുടെ പല അഭിപ്രായങ്ങളും മാറ്റേണ്ടിവരും." "ഞാൻ എവിടെപ്പോയാലും ഇന്നുള്ള എന്റെ അഭിപ്രായങ്ങൾക്കൊന്നും യാതൊരു മാറ്റവും വരികയില്ല" എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. തുടർന്നു ഞാൻ അന്നു നിലവിലുണ്ടായിരുന്ന സുന്നി-മുജാഹിദ് വിവാദങ്ങളുടെ ഒരു പട്ടിക തയാറാക്കി. ഇരുപേരും ഒപ്പുവെച്ച രണ്ടു കോപ്പികളിൽ ഒന്ന് അദ്ദേഹവും മറ്റേത് ഞാനും കൈവശം വെച്ചു. തവസ്സുൽ ഇസ്തിഗാസ തെറ്റല്ല, ഖുർആൻ പരിഭാഷ പാടില്ല, മൗലിദ് പാരായണം നല്ലതാണ്... ഇങ്ങനെ പോകുന്നു, പത്തോ പന്ത്രണ്ടോ നമ്പറുകളുള്ള ആ പത്രികയിലെ കുറിപ്പുകൾ.

ഉമറാബാദിൽ പോയി മൂന്നു മാസം കഴിഞ്ഞശേഷം, കോളേജിന്റെ പരിതസ്ഥിതിയും അവിടത്തെ പഠനരീതിയും മറ്റും വിവരിച്ചുകൊണ്ട് അദ്ദേഹം കത്തെഴുതി. എഴുത്തിന്റെ അവസാനത്തിൽ ഉപര്യുക്ത കരാറിനെ സൂചിപ്പിച്ചുകൊണ്ട് "ഈ ദാറുസ്സലാമിൽ പഠിക്കുന്ന ഒരാൾക്ക് അത്തരം മർക്കടമുഷ്ടികളെ കയ്യൊഴിക്കാതെ വെച്ചുകൊണ്ടിരിക്കുക സാധ്യമല്ല" എന്നു കുറിച്ചിരുന്നു.

അവധിക്കാലത്ത് കോളേജിൽനിന്ന് നാട്ടിൽ വരുമ്പോൾ മഞ്ചേരിയിലും വന്നിരുന്നു. അന്ന് ആശയത്തിൽ സാരമായ മാറ്റം വന്നിട്ടുണ്ട്. ദേശീയവാദിയും ഖദർ ധാരിയുമായാണ് അദ്ദേഹം കാണപ്പെട്ടത്. ഉമറാബാദിലെ പഠനം നിർത്തിയശേഷം വെല്ലൂർ ബാഖിയാത്തുസ്വാലിഹാത്ത് കോളേജിൽ ചേർന്നു കുറച്ചുകാലം പഠിക്കുകയുണ്ടായി.

**വഴിത്തിരിവ്**

വെല്ലൂർ വിട്ടശേഷം സ്മര്യപുരുഷൻ കണ്ണൂർ ജില്ലയിലെ പഴയങ്ങാടിയിലേക്കു പോയി. അവിടെ കുളങ്കര പള്ളിയിലെ ഖത്തീബ് സ്ഥാനവും ഒരു മദ്രസയിലെ അധ്യാപകജോലിയും ഏറ്റെടുത്തു. ആ മദ്രസയിൽ അറബിയോടൊപ്പം ഉറുദുവും പഠിപ്പിച്ചിരുന്നു. ഉറുദു പഠിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് അക്കാലത്ത് ഹൈദരാബാദ് നൈസാം മാസാന്തം പത്തുറുപ്പികയും 'തർജുമാനുൽ ഖുർആന്റെ' ഒരു കോപ്പിയും അയച്ചുകൊടുത്തിരുന്നു. മൗലാനാ സയ്യിദ് അബുൽഅഅ്‌ലാ മൗദൂദിയുടെ പത്രാധിപത്യത്തിൽ ഹൈദരാബാദിൽ (ഡക്കാൻ)നിന്ന് പ്രസിദ്ധീകരിച്ചിരുന്ന ഉറുദു മാസികയായിരുന്നു തർജുമാനുൽ ഖുർആൻ.

നിലവിലുള്ള സമൂഹഘടനയുടെ യഥാർഥ ചിത്രം തുറന്നുകാണിച്ചുകൊണ്ട്, ഖുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ സമൂലമായ ഒരു മാറ്റത്തിനു വേണ്ടി ആ മാസിക ശക്തിയായി ശബ്ദിച്ചുകൊണ്ടിരുന്നു. ഉമറാബാദിലെ പഠനത്തോടെ വീക്ഷണത്തിൽ സാരമായ മാറ്റം വന്ന മുഹമ്മദലി സാഹിബിനെ തർജുമാനുൽ ഖുർആൻ ഹഠാദാകർഷിച്ചു. ഒരി സ്‌ലാമിക പ്രസ്ഥാനത്തിന്റെ ആവശ്യകതയും, രൂപഘടനയും ഊന്നിപ്പറഞ്ഞുകൊണ്ടുള്ള അബുൽഅഅ്‌ലായുടെ ലേഖനങ്ങൾ അദ്ദേഹത്തിന്റെ കർമാവേശത്തെ മുട്ടിയുണർത്തി. മൗലാനയുടെ ലേഖനങ്ങളും ഗ്രന്ഥങ്ങളും ശ്രദ്ധാപൂർവം വായിച്ചുകൊണ്ടിരുന്ന അദ്ദേഹം എഴുത്തുകുത്തിലൂടെ മൗലാനയുമായി ബന്ധപ്പെട്ടു. ജമാഅത്തെ ഇസ്‌ലാമി രൂപീകൃതമായ 1941-ൽ തന്നെ അദ്ദേഹം അതിൽ അംഗത്വം നേടി. തുടർന്ന് മൗലാനയെ നേരിൽ കാണുവാനും അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിക്കുവാനും സ്മര്യപുരിഷന്റെ ഹൃദയം വെമ്പൽകൊണ്ടു.

പഞ്ചാബിലെ പഠാൻകോട്ടുള്ള 'ദാറുൽ ഇസ്‌ലാം' ആയിരുന്നു ജമാഅത്തെ ഇസ്‌ലാമിയുടെ കേന്ദ്രം. പഠാൻകോട്ടിൽനിന്ന് നാലു നാഴിക അകലെ ഒരു റോഡുപോലുമില്ലാത്ത വനമധ്യത്തിൽ ഇസ്‌ലാമികഗവേഷണങ്ങൾക്കും പ്രവർത്തനപരിശീലനത്തിനുമായി നിശ്ചയിക്കപ്പെട്ട എഴുപത് ഏക്കർ വിസ്തീർണമുള്ള ഈ സ്ഥലത്തിന് 'ദാറുൽ ഇസ്‌ലാം' എന്ന പേർ നൽകിയത് മഹാകവി മുഹമ്മദ് ഇഖ്ബാലും മൗലാനാ മൗദൂദിയും ഏകോപിച്ചായിരുന്നു.

മൗലാനയുടെ ചില ഗ്രന്ഥങ്ങൾ മുഹമ്മദലി സാഹിബ് മലയാളത്തിലേക്ക് വിവർത്തനം ചെയ്തിരുന്നു. അതിൽപെട്ട ഒന്നാണ് 'ഖുതുബാത്ത്'. ദാറുൽ ഇസ്‌ലാം ഉന്നംവെച്ച് വീട്ടിൽനിന്ന് യാത്രതിരിച്ച അദ്ദേഹം മഞ്ചേരിയിൽ എത്തി ഈയുള്ളവന്റെ അതിഥിയായി വീട്ടിൽ താമസിച്ചു. ഭാഷാപരമായ തെറ്റുകൾ തിരുത്തി ശരിയാക്കുവാൻ ഖുത്തുബാത്തിന്റെ കൈയെഴുത്തുകോപ്പി ഈയുള്ളവനെ ഏൽപിച്ചു. പിറ്റേന്ന് യാത്ര തുടർന്ന അദ്ദേഹം മണ്ണാർക്കാട്, കരിമ്പ, കോയമ്പത്തൂർ വഴി മദ്രാസിലെത്തി. സൗകര്യപ്പെടുന്ന കൂലിവേലകൾ ചെയ്തുകൊണ്ട് കാൽനടയായും ഇടയ്ക്ക് വണ്ടികയറിയും ക്ലേശപൂർവം യാത്ര തുടർന്ന് കുറേ ദിവസങ്ങൾകൊണ്ട് ദൽഹിയിൽ എത്തിച്ചേർന്നു. അവിടെനിന്ന് തന്റെ യാത്രാനുഭവങ്ങളും മറ്റും വിവവരിച്ചുകൊണ്ട് എനിക്ക് കത്തെഴുതി. താമസിയാതെ ഞാൻ മറുപടി അയച്ചു. ഇതിനുള്ള

മറുലിഖിതം 1943 ആഗസ്റ്റ് 20-ാനു ദാറുൽ ഇസ്‌ലാമിൽ നിന്നാണെഴുതിയത്. സുദീർഘമായ ആ എഴുത്തിലെ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കാം.

"പ്രിയരെ, അങ്ങയുടെ കത്ത് ദൽഹിയിൽ വെച്ചുതന്നെ കിട്ടിയിരുന്നെങ്കിലും, ഞാൻ അടുത്ത് അവിടെനിന്ന് എന്റെ ഉദ്ദിഷ്ട സ്ഥലമായ ദാറുൽ ഇസ്‌ലാമിലേക്ക് പോരണമെന്ന് വിചാരിച്ചതുകൊണ്ട്, ഇവിടെ എത്തിയ ശേഷം എഴുതാമെന്നുവെച്ചാണ് മറുപടിക്ക് ഇത്രയും താമസിച്ചത്. ഞാൻ ഇവിടെ എത്തിയിട്ട് ഒരു മാസത്തോളമായി. ഇനിയും ഒന്നുരണ്ടു മാസം ഇവിടെ താമസിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. ഇവിടങ്ങളിൽ നമ്മുടെ മലബാറുപോലെ പച്ച നിറഞ്ഞു കാണുന്നു. അടുത്തെങ്ങും കാര്യമായ പട്ടണങ്ങളൊന്നുമില്ല. നാലു നാഴിക അകലെ പഠാൻകോട് എന്നൊരു ചെറു പട്ടണമുണ്ട്. ഹിമാലയ പർവതത്തിന്റെ താഴ്‌വരയായതുകൊണ്ട് ശീതവും ധാരാളമുണ്ട്. റാവി നദിയുടെ ശാഖ ഞങ്ങൾ താമസിക്കുന്ന സ്ഥലത്തിന്റെ തൊട്ടടുത്തു കൂടിയാണൊഴുകുന്നത്."

"സ്വദേശത്തെയും കുടുംബങ്ങളെയും വിട്ട് ദേഹത്തെയും ധനത്തെയും ആത്മാവിനെയും ദൈവമാർഗത്തിൽ ബലികഴിക്കുവാൻ ഒരുങ്ങിപ്പുറപ്പെട്ട ഒരു യുവവിഭാഗത്തെയാണ് എനിക്കിവിടെ കാണാൻ സാധിച്ചത്. ലോകകാര്യങ്ങളിൽനിന്നെല്ലാം ഒഴിഞ്ഞുമാറി, വല്ല പള്ളി മൂലയിലും ഇരുന്ന് 'അല്ലാഹ്' എന്നു ജപിക്കുകയോ ദൈവത്തിന്റെ അടിമകളുടെ കടിഞ്ഞാൺ വല്ല അക്രമികളുടെയും കൈയിലേൽപ്പിച്ച് മലകയറുകയോ ദേശീയരും വിദേശീയരുമെന്ന് മനുഷ്യരെ വിഭജിക്കുകയോ സാമുദായിക പക്ഷപാതിത്തത്തെയും വിദ്വേഷത്തെയും വെച്ചുപോറ്റുകയോ അല്ല അവരുടെ ഉദ്ദേശ്യം. മറിച്ച് ദൈവത്തിന്റെ ഭൂമിയിൽ ദൈവികനിയമങ്ങളനുസരിച്ച് നടക്കാൻ ലോകത്തിലെ സർവ ജനങ്ങൾക്കും സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നും ദൈവത്തിന്റെ അടിമകളായ ചിലർ സ്വയം നിർമിച്ചുണ്ടാക്കിയ നിയമങ്ങളെ മറ്റു അടിമകളിൽ നിർബന്ധപൂർവം നടപ്പാക്കുന്നതിനെ സർവശക്തിയുമുപയോഗിച്ച് തടയണമെന്നുമാണ് അവരുടെ ഉദ്ദേശ്യം."

"പ്രിയസ്നേഹിതാ, സഹോദരബുദ്ധ്യാ ചില പ്രത്യക്ഷവാസ്തവങ്ങൾ അനുസ്മരിക്കട്ടെയോ? ഈ ലോകവും അതിലുള്ള സർവ വസ്തുക്കളും നാമും നമ്മുടെ ശരീരത്തിലെ സർവ അംശങ്ങളും ദൈവത്തിന്റേതാണെന്നു നമുക്കറിയാമല്ലോ. സർവ വസ്തുക്കളെയും നമുക്കായും നാം ദൈവത്തിന്റെ അടിമകളായുമാണല്ലോ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. നാം പള്ളിയിൽ മാത്രമല്ല, റമസാനിൽ മാത്രമല്ല, നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷത്തിലും അടിമകളാണ്. ഒന്നിലധികം യജമാനൻമാരെ സ്വീകരിക്കുക ഒരടിമക്ക് സാധ്യമല്ലല്ലോ... അതിനാൽ ഒന്നാമതായി നാം തീർച്ചപ്പെടുത്തേണ്ടത്, 'റബ്ബിന്നാസും' 'മലികിന്നാസും' 'ഇലാഹിന്നാസും' (മനുഷ്യരുടെ രക്ഷിതാവും മനുഷ്യരുടെ രാജാവും മനുഷ്യരുടെ ആരാധ്യനും) ആയവനെ ദൈവമായി സ്വീകരിക്കുന്നുവോ, അതോ സൃഷ്ടികളിൽ നിന്നാരെയെങ്കിലുമോ അല്ലെങ്കിൽ സേഛയേയോ ദൈവമായി സ്വീകരിക്കുന്നുവോ എന്നുള്ളതാണ്. രണ്ടാമത്തെ രൂപമാണ് സ്വീകരിക്കുന്നതെങ്കിൽ പിന്നെ അതിനെപ്പറ്റി നമുക്കൊന്നും പറയാനില്ല. ഒന്നാമത് പറഞ്ഞ രൂപമാണ് സ്വീകരിക്കുന്നതെങ്കിൽ പിന്നെ നമുക്ക് സ്വേഛയനുസരിച്ചോ നാട്ടുമാമൂലനുസരിച്ചോ സൃഷ്ടികളിൽനിന്നുള്ള താഗൂത്തുകളുടെ നിയമമനുസരിച്ചോ ജീവിക്കുവാൻ നിവൃത്തിയില്ല.

ഒരു മുസ്‌ലിമിന്റെ ദേഹത്തിലോ ധനത്തിലോ ദൈവമൊഴികെയുള്ളവർക്ക് യാതൊരവകാശവും ഉണ്ടായിരിക്കയില്ല. എന്തുകൊണ്ടെന്നാൽ അവൻ തന്റെ ദേഹത്തെയും ധനത്തെയും സ്വർഗത്തിന്നു പകരം ദൈവത്തിന്നു വിറ്റിരിക്കുന്നു. അവന്റെ വീക്ഷണം ഒരു രാജ്യമോ ഒരു സമുദായമോ ആയിരിക്കുകയില്ല. ദൈവത്തിന്റെ പ്രതിനിധി എന്ന നിലയിൽ ലോകമൊട്ടുക്കുമായിരിക്കും അവന്റെ വീക്ഷണം... ഒരു മുസ്‌ലിം തന്റെ യഥാർഥ രാജാവായ ദൈവത്തിന്റെ നിയമമനുസരിച്ചു നടക്കുവാനും, അവന്റെ ലോകത്തിൽ അതു നടത്തുവാനുമാണ് പരിശ്രമിക്കുക...

ദൈവത്തിന്റെ ചില അടിമകൾ തങ്ങളുടെ യഥാർഥ യജമാനനായ ദൈവത്തെയും ദൈവനിയമങ്ങളെയും എതിർത്തുകൊണ്ട്, തങ്ങളുണ്ടാക്കിയ നിയമങ്ങളെ ദൈവത്തിന്റെ അടിമകളുടെ മേൽ നിർബന്ധപൂർവം നടപ്പാക്കുന്നത് കണ്ട് സ്വസ്ഥമായിരിക്കുക ഒരു മുസ്‌ലിമിന്ന് സാധ്യമാണോ?"

തുടർന്നു ഇന്ത്യയിലെ ഹിന്ദു-മുസ്‌ലിം വർഗീയതയെ പരാമർശിക്കുകയും ജമാഅത്തെ ഇസ്‌ലാമി രൂപീകരിച്ച പരിതസ്ഥിതി വിവരിക്കുകയും ചെയ്തശേഷം എഴുത്തു ഇങ്ങനെ ഉപസംഹരിക്കുന്നു: "സത്യാന്വേഷണ ബുദ്ധിയോടെ നാം കാര്യങ്ങൾ ശ്രദ്ധിക്കണം. നമ്മുടെ ഇഹലോക ജീവിതം എത്രയും ചുരുങ്ങിയതാണ്. ദൈവസന്നിധിയിൽ നാമെല്ലാം മടങ്ങി എത്തേണ്ടവരാണ്. ഒരു ഹദീസിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "ഏതൊരു മുഷ്യനെയും മഹ്ശറയിൽ നിന്ന് നാലു സംഗതികൾക്ക് ഉത്തരം പറയാതെ വിടുകയില്ല. (1) തന്റെ വയസ്സ് എന്തിലാണ് വിനിയോഗിച്ചത്. (2) തന്റെ യൗവനകാലം എങ്ങനെ ചെലവഴിച്ചു. (3) തന്റെ ധനം ഏത് മാർഗത്തിൽ സമ്പാദിച്ചു, ഏത് മാർഗത്തിൽ ചെലവഴിച്ചു. (4) നേടിയ അറിവ് അനുസരിച്ച് എന്ത് പ്രവർത്തിച്ചു."

"രഹസ്യവും പരസ്യവും അറിയുന്ന ദൈവത്തിന്റെ മുമ്പിൽവെച്ചു പ്രസ്തുത ചോദ്യങ്ങൾക്ക് മറുപടി പറയാൻ നാം ഒരുങ്ങിയിരിക്കേണ്ടതാണ്." ശേഷം മറുപടി പോലെ.

അല്ലാഹു നമ്മെ യഥാർഥ മുസ്‌ലിംകളായി ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യട്ടെ, ആമീൻ.

എന്ന്, വി.പി. മുഹമ്മദലി."

മുഹമ്മദലി സാഹിബ് ദാറുൽ ഇസ്‌ലാമിൽ ഒൻപതു മാസം താമസിച്ചു. അക്കാലത്ത് അവിടെവെച്ചാണ് 'ഇസ്‌ലാം മത'വും 'രക്ഷാസരണി'യും മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്തത്. 1944-ൽ നാട്ടിൽ തിരിച്ചെത്തിയതോടെ, കേരളീയർക്ക് ജമാഅത്തെ ഇസ്‌ലാമിയെ പരിചയപ്പെടുത്താൻ തുടങ്ങി. നാട്ടിലെ നാനാ ഭാഗങ്ങളിലൂടെ സഞ്ചരിച്ചും പ്രഭാഷണങ്ങൾ നടത്തിയും ജമാഅത്തിന്റെ സന്ദേശം പ്രചരിപ്പിച്ചുകൊണ്ടിരുന്നു.

**ജംഇയ്യത്തുൽ മുസ്തർശിദീൻ**

എടയൂരിൽനിന്ന് രണ്ടിൽചില്ലാനം നാഴിക അകലെയുള്ള ഇരിമ്പിളിയത്തെ പള്ളിയിൽ മുഹമ്മദലി സാഹിബ് ഏതാനും കാലം ഖതീബായിരുന്നു. ഇസ്‌ലാമിന്റെ സമഗ്രവും സമ്പൂർണവുമായ രൂപം അനാവരണം ചെയ്തുകൊണ്ട് മലയാളത്തിൽ നടത്തിയ ജുമുഅഃ ഖുതുബകൾ അക്കാലത്ത് തലശ്ശേരിയിൽനിന്ന് വാരികയായി പുറപ്പെട്ടിരുന്ന 'ചന്ദ്രിക' പത്രത്തിൽ, അതിന്റെ പ്രവർത്തകരുമായി നേരിൽകണ്ടു ഏർപ്പാടു ചെയ്തതിന്റെ ഫലമായി, പലപ്പോഴും പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. ഇക്കാലത്താണ് ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ് (ഐ.പി.എച്ച്) സ്ഥാപിക്കപ്പെട്ടത്. ഇരിമ്പിളിയം പള്ളിയിലെ ഒരു കൊച്ചു റൂമായിരുന്നു ഐ.പി.എച്ചിന്റെ ആസ്ഥാനം. 1945-ൽ "ഇസ്‌ലാംമതം" ഐ.പി.എച്ചിന്റെ ആദ്യ പ്രസിദ്ധീകണമായി പുറത്തുവന്നു, തുടർന്നു 'രക്ഷാസരണി'യും. കുറച്ചു കാലത്തിന്നുശേഷം ഐ.പി.എച്ച് ഇരിമ്പിളിയത്ത്നിന്ന് വളാഞ്ചേരിയിലേക്കും സ്ഥലം മാറ്റപ്പെട്ടു.

ഇസ്‌ലാമിക പ്രസ്ഥാനത്തെ ഏതാണ്ടൊക്കെ മനസ്സിലാക്കിയ ഏതാനും പേരെ സംഘടിപ്പിച്ചുകൊണ്ട് 1946-ൽ വളാഞ്ചേരിയിൽ 'ജംഇയ്യത്തുൽ മുസ്തർശിദീൻ' എന്ന സംഘം രൂപീകരിച്ചു. ഈ സംഘത്തിന്റെ ആദർശം ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശം തന്നെയായിരുന്നു.

പിറ്റെകൊല്ലം വളാഞ്ചേരിക്കടുത്ത കാട്ടുപരുത്തിയിലെ സി.എം. മൊയ്തീൻ കുട്ടി സാഹിബിന്റെ വിശാലമായ വീട്ടുമുറ്റത്തുവെച്ച് ജംഇയ്യത്തുൽ മുസ്തർശിദീന്റെ പ്രഥമ വാർഷിക സമ്മേളനം നടക്കുകയുണ്ടായി. ജമാഅത്തിന്റെ മദ്രാസ് അമീറായിരുന്ന ശൈഖ് അബ്ദുല്ല സാഹിബ്, സിബ്ഗത്തുല്ല സാഹിബ്, മൗലാനാ മുഹമ്മദ് ഇസ്മായിൽ സാഹിബ്, സയ്യിദ് അമീൻ സാഹിബ് തുടങ്ങിയ പണ്ഡിത നേതാക്കൾ വിവിധ വിഷയങ്ങളെസ്സംബന്ധിച്ച് പ്രഭാഷണങ്ങൾ നടത്തി.

ഇസ്‌ലാം സമഗ്രമായ ഒരു ജീവിതപദ്ധതിയാണെന്നു സ്ഥാപിക്കുന്നതോടൊപ്പം

ഇസ്‌ലാമിക പ്രവർത്തനത്തിന്റെ ആവശ്യകത ഊന്നിപ്പറയുകയും അന്ധമായ സാമുദായികവാദത്തെയും സങ്കുചിതമായ ദേശീയവാദത്തെയും ശക്തിയായി എതിർക്കുകയും ചെയ്യുന്നവയായിരുന്നു പ്രഭാഷണങ്ങൾ. നാനൂറിൽപരം പേർ പങ്കെടുത്തിരുന്നു യോഗത്തിൽ. രണ്ടു ദിവസം നീണ്ടു നിന്ന സമ്മേളനത്തിൽ സംബന്ധിച്ചവർക്കെല്ലാം യോഗഭാരവാഹികളുടെ വകയായി സുഭിക്ഷമായ ഭക്ഷണവുമുണ്ടായിരുന്നു.

**കേരള അമീർ**

1948-ൽ വളാഞ്ചേരിയിലെ പി. മരയ്ക്കാർ ഹാജിയുടെ വീട്ടിൽവെച്ച് ചേർന്ന ജമാഅത്തുൽ മുസ്തർശിദീന്റെ യോഗം പ്രസ്തുത ജമാഅത്തിനെ, ജമാഅത്തെ ഇസ്‌ലാമി എന്നാക്കി മാറ്റാൻ തീരുമാനിച്ചു. അങ്ങനെ ജമാഅത്തെ ഇസ്‌ലാമിയുടെ കേരളത്തിലെ ആദ്യഘടകം വളാഞ്ചേരിയിൽ നിലവിൽവന്നു. പിന്നീട് കോഴിക്കോട് മുതലായ സ്ഥലങ്ങളിലും ജമാഅത്ത് ഘടകങ്ങൾ സ്ഥാപിതമായി. കേരളത്തിലെ ജമാഅത്തു പ്രവർത്തനങ്ങൾ മുഹമ്മദലി സാഹിബിന്റെ സമർഥമായ നേതൃത്വത്തിൻ കീഴിലാണ് നടന്നിരുന്നത്. ആദ്യത്തിൽ സംസ്ഥാന നേതൃത്വത്തിനു 'ഖയ്യിം' എന്നായിരുന്നു സ്ഥാനപ്പേർ. പിന്നീട് അമീർ എന്നാക്കി മാറ്റപ്പെട്ടു. കേരളത്തിലെ ആദ്യ അമീറായിരുന്ന മുഹമ്മദലി സാഹിബ് മരണം വരെ ആ സ്ഥാനം തുടർന്നുവന്നു. പിന്നീട് ഖയ്യിം (സെക്രട്ടറി) ആയി നിയോഗിതനായത് ജ: ടി. മുഹമ്മദ് സാഹിബായിരുന്നു. പ്രസ്ഥാന പ്രവർത്തകർ മുഹമ്മദലി സാഹിബിനെ ഹാജി സാഹിബ് എന്നാണ് വിളിച്ചിരുന്നത്.

**എതിർപ്പുകൾ**

ഇസ്‌ലാമിനെസ്സംബന്ധിച്ച് സമൂഹത്തിൽ മൂടുറച്ചിരുന്ന തെറ്റിദ്ധാരണകളെ അകറ്റി അതിന്റെ ശരിയായ രൂപം വെളിപ്പെടുത്തുവാൻ കർമരംഗത്തുവന്ന ജമാഅത്തെ ഇസ്‌ലാമിക്ക് രൂക്ഷമായ എതിർപ്പുകളെ നേരിടേണ്ടിവന്നു. മതവൃത്തങ്ങളും രാഷ്ട്രീയ മണ്ഡലങ്ങളും ജമാഅത്തിനു നേരെ അക്രമണങ്ങൾ അഴിച്ചുവിട്ടു. ജമാഅത്തു സാഹിത്യങ്ങളിൽ നിന്നു വാചകങ്ങൾ അടർത്തിയെടുത്ത് 'തെളിവു'കളുദ്ധരിച്ചുകൊണ്ട് പാതിരാപ്രസംഗം നടത്തുന്ന ഒരുതരം 'തൊഴിലാളിവർഗം' തന്നെ നിലവിൽവന്നു. ശിർക്കും ബിദ്അത്തും ഉച്ചാടനം ചെയ്തു. തൗഹീദും സുന്നത്തും പുനഃസ്ഥാപിക്കുന്നവരെന്ന് അവകാശപ്പെടുന്ന 'പുരോഗമനക്കാർ' ആടിനെ പട്ടിയാക്കിക്കൊണ്ടാണ് ജമാഅത്തിനു നേരെ നാക്കും തൂലികയും ചലിപ്പിച്ചത്. മതത്തിന് തങ്ങൾ അനുവദിച്ച വേലിക്കെട്ടിനുള്ളിൽ ജമാഅത്ത് ഒതുങ്ങിനിൽക്കാത്തതിനാൽ രാഷ്ട്രീയക്കാർ ജമാഅത്തിന്ന് നേരെ ചന്ദ്രഹാസം ഇളക്കി. എന്നാൽ ജമാഅത്താകട്ടെ ഇതുകൊണ്ടൊന്നും പ്രകോപിതമാകാതെ, അവയെ യുക്തിയുക്തം നേരിട്ടുകൊണ്ടു, അതിന്റെ സത്യപ്രബോധനം തുടർന്നുവന്നു. അതിൻ ഫലമായി നാട്ടിന്റെ നാനാഭാഗങ്ങളിലുള്ള സത്യാന്വേഷണ ബുദ്ധികളും നിഷ്പക്ഷമതികളുമായ ആയിരക്കണക്കായ ആളുകളെ ഇതിനകം സ്വാധീനിക്കാൻ ജമാഅത്തിന്ന് കഴിഞ്ഞിട്ടുണ്ട്.

**പ്രബോധനം**

നാട്ടിന്റെ മുക്കുമൂലകളിൽ ജമാഅത്തിന്റെ ശബ്ദം എത്തുകയും രാജ്യത്തിന്റെ നാനാ ഭാഗങ്ങളിൽ അനുഭാവികളും പ്രവർത്തകരും വളർന്നുവരികയും ചെയ്തുകൊണ്ടിരുന്ന സാഹചര്യത്തിൽ, ഇസ്‌ലാമികാദർശം കൂടുതൽ പ്രതിഫലിപ്പിക്കയും പ്രസ്ഥാനപ്രവർത്തനം കൂടുതൽ സുഖകരമാക്കയും ചെയ്യേണ്ടതിന്ന് ഒരു പത്രം അനിവാര്യമാണെന്ന് ഹാജിസാഹിബിന്നും സഹപ്രവർത്തകർക്കും ബോധ്യപ്പെട്ടു. അതിൻ ഫലമായി 'പ്രബോധനം' എന്ന പേരിൽ ഒരു പാക്ഷികപത്രം തുടങ്ങാൻ തീരുമാനിച്ചു. അങ്ങനെ 1949 ആഗസ്റ്റ് ഒന്നിന്ന് 'പ്രബോധന'ത്തിന്റെ ആദ്യലക്കം പുറത്തിറങ്ങി. ഡമ്മികാൽ സൈസിൽ 24 പേജുള്ള പത്രത്തിന്ന് നാലണ വിലയായിരുന്നു. തിരൂരിലെ ജമാലിയാ പ്രിൻടിംഗ് വർക്സിൽ നിന്നായിരുന്നു ആദ്യം പത്രം അടിച്ചിരുന്നത്. പിന്നീട് ജമാഅത്ത് സ്വന്തം പ്രസ്സ്വാങ്ങി എടയൂരിൽ ഹാജിസാഹിബിന്റെ വീട്ടുവളപ്പിന്ന് തൊട്ട് സ്ഥിതിചെയ്തിരുന്ന കേരള ജമാഅത്തെ ഇസ്‌ലാമി ഓഫീസിനോടനുബന്ധിച്ചുള്ള കെട്ടിടത്തിൽ സ്ഥാപിക്കയും, പത്രവും പുസ്തകങ്ങളും അവിടെനിന്നടിക്കാൻ തുടങ്ങുകയും ചെയ്തു.

**പ്രചാരണം**

മഞ്ചേരിയിലെ ജമാഅത്തനുഭാവികളെയും പ്രബോധനം വായനക്കാരെയും മറ്റും ഉൾപെടുത്തിക്കൊണ്ട് മഞ്ചേരിയിൽ ഇശാഅത്തുൽ ഇസ്‌ലാം എന്ന പേരിൽ ഒരു സംഘം ഉണ്ടാക്കിയിരുന്നു. പ്രസ്തുത സംഘത്തിന്റെ ആഭിമുഖ്യത്തിൽ 1953-ൽ മഞ്ചേരി ഹിദായത്തുൽ മുസ്‌ലിമീൻ മദ്രസയുടെ വിശാലമായ മുറ്റത്ത് തുടർച്ചയായി രണ്ടു ദിവസങ്ങളിൽ മഗ്‌രിബ് നമസ്കാരാനന്തരം യോഗം സംഘടിപ്പിക്കപ്പെട്ടു. അടുത്തുനിന്നും അകലങ്ങളിൽനിന്നുമായി ഒരു വലിയ ജനക്കൂട്ടം സംബന്ധിച്ചിരുന്നു. രണ്ടു ദിവസവും ഹാജിസാഹിബും വി.കെ.എം. ഇസ്സുദ്ദീൻ മൗലവിയും പ്രസംഗിച്ചു. ഇസ്‌ലാമിന്റെ സുന്ദരരൂപം അനാച്ഛാദാനം ചെയ്തുകൊണ്ടും മുസ്‌ലിംകളുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കിക്കൊണ്ടുമുള്ള പ്രസ്തുത പ്രസംഗങ്ങൾ ശ്രോതാക്കളെ വളരെ ആവേശഭരിതരാക്കി. അച്ചടക്കപൂർണവും ആകർഷകവുമായ അത്തരം യോഗങ്ങൾ മഞ്ചേരിയുടെ ചരിത്രത്തിൽ ആദ്യമാണെന്നു പറയാം.

**മൂന്നാമത്തെ ഹജ്ജ്**

വിഭജനത്തെത്തുടർന്നു അധികം താമസിയാതെ ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ സംഘർഷത്തിലായതിനാൽ ഇരുരാജ്യക്കാർക്കും പോക്കുവരവിനു സാധിച്ചിരുന്നില്ല. അതിനാൽ ഹാജിസാഹിബിന്നു മൗലാനാ മൗദൂദിയെ വീണ്ടും കാണാനുള്ള ആഗ്രഹം പൂവണിയാതെ കിടക്കുകയായിരുന്നു. അങ്ങനെയിരിക്കെയാണ് 1956 ജൂൺ അവസാനത്തിൽ ഡമാസ്കസിൽ ചേരുന്ന ഇസ്‌ലാമിക ലോക സമ്മേളനത്തിൽ സംബന്ധിച്ച ശേഷം ഹജ്ജിന്നായി മൗലാനാ മൗദൂദി മക്കയിലേക്ക് വരുന്നുണ്ടെന്നറിവായത്. അതോടെ ഹാജി സാഹിബും അക്കൊല്ലത്തെ ഹജ്ജിനു പോകാനൊരുങ്ങി. യാത്രയിൽ കൂടെ ജ: കെ.സി. അബ്ദുല്ല മൗലവിയും ജ: പള്ളുരുത്തി അഹ്മദ്കുട്ടി ഹാജിയും ഉണ്ടായിരുന്നു.

**കണ്ണൂരിൽനിന്ന് കോടിഞ്ഞിയിലേക്ക്**

നെഞ്ച്‌വേദന, തലവേദന മുതലായ രോഗങ്ങൾ പലപ്പോഴും ഹാജിസാഹിബിനെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. ചികിത്സിച്ചിരുന്ന ഡോക്ടർ പൂർണ വിശ്രമമെടുക്കുവാൻ നിർദേശിച്ചിരുന്നുവെങ്കിലു, ഇസ്‌ലാമിനുവേണ്ടി പടക്കളത്തിലിറങ്ങിയ ആ യോദ്ധാവുണ്ടോ അടങ്ങിയിരിക്കുന്നു?

കണ്ണൂർ ജില്ലയിലെ പഴയങ്ങാടിയിലെ ഒരു സുഹൃത്തിനെ കാണേണ്ട ആവശ്യാർഥം 1959 സപ്തംബർ 30-ാംനു ഹാജിസാഹിബ് അവിടേക്കു പോയി. അന്നു രാത്രി അവിടെവെച്ച് വയറ്റിന് അസുഖം തോന്നുകയും ഒന്നുരണ്ടുപ്രാവശ്യം വയറ്റിൽനിന്ന് രക്തം പോയി ക്ഷീണിതനാവുകയും ചെയ്തു. ഒക്ടോബർ 1-ാംനു തിരൂരങ്ങാടിക്കടുത്ത കൊടിഞ്ഞിയിൽ നടത്താൻവെച്ചിരുന്ന തർബിയത്ത് സമ്മേളനത്തിൽ പങ്കെടുക്കേണ്ടിയിരുന്നതുകൊണ്ട്, ക്ഷീണം വകവെക്കാതെ അവിടെനിന്ന് അതിരാവിലെ വണ്ടികയറി പരപ്പനങ്ങാടിയിൽ വന്നിറങ്ങി. അവിടെനിന്ന് ബസ്സിന് ചെമ്മാട്ടെത്തി. ചെമ്മാടുനിന്ന് രണ്ടു നാഴിക ദൂരമുള്ള യോഗസ്ഥലത്തേക്ക് നടക്കുന്നതിനിടയിൽ തളർന്നുവീണു. പല ആശുപത്രിയിലും മാറിമാറി പ്രവേശിപ്പിച്ചുവെങ്കിലും ഫലമുണ്ടായില്ല.

ഒക്ടോബർ 2-ന് രാവിലെ 5.50-ന് അദ്ദേഹം ഈ ലോകത്തോട് വിടവാങ്ങി. മരിക്കുമ്പോൾ അദ്ദേഹത്തിന് 47 വയസ്സ് പ്രായമാണ്. മയ്യിത്ത് എടയൂരിലേക്കെടുത്തു. ഒരു വമ്പിച്ച ജനസഞ്ചയത്തിന്റെ സാന്നിധ്യത്തിൽ വൈകുന്നേരം നാലുമണിയോടെ അവിടത്തെ പഴയ ജുമാമസ്ജിദ് വളപ്പിൽ ഖബറടക്കം നടന്നു.

1962-ൽ ഹജ്ജിനു പോയപ്പോൾ മക്കയിലെ ഫുൻദുഖ് മിസ്‌റിൽവെച്ചു ചില സുഹൃത്തുക്കളോടൊപ്പം ഞാൻ മൗലാനാ മൗദൂദിയെ ചെന്നു കാണുകയുണ്ടായി. സംഭാഷണമധ്യേ ഹാജി സാഹിബിനെക്കുറിച്ച് മൗദൂദി പറഞ്ഞു. "നല്ല ആത്മാർഥതയും ത്യാഗസന്നദ്ധതയുമുള്ള മഹാനായ പ്രവർത്തകനായിരുന്നു മുഹമ്മദലി സാഹിബ്."